# Dakshina Kerala Jam-iyyathul Ulama

H.O. Kollam

ജുമുഅ പ്രഭാഷണം " സത്യസന്ധത പൊതുജീവിതത്തിൽ " (30/12/16)

അവതരണം: സി.എ. മൂസാ മൗലവി MA MFB,Ph: 9447465648

إِنَّ الَّذِينَ يُبَايِعُونَكَ إِنَّمَا يُبَايِعُونَ اللَّهَ يَدُ اللَّهِ فَوْقَ أَيْدِيهِمْ ۚ فَمَن نَّكَثَ فَإِنَّمَا يَنكُثُ عَلَىٰ نَفْسِهِ ۖ وَمَنْ أَوْفَىٰ بِمَا عَاهَدَ عَلَيْهُ اللَّهَ فَسَيُؤْتِيهِ أَجْرًا عَظِيمًا (١٠). ﴿الفتح﴾

അമാനത്തെക്കുറിച്ചാണ് നാം പറഞ്ഞു വരുന്നത്.

- സത്യവിശ്വാസികൾ പൊതുജീവിതത്തിലും സമൂഹവുമായി ബന്ധപ്പെട്ട കാര്യങ്ങളിലും സത്യസന്ധത പുലർത്തുന്നവരാകണം.ഇക്കാര്യത്തിൽ ഇസ്ലാമിന് സവിശേഷമായ കാഴ്ചപ്പാടുണ്ട്. മതം എന്നാൽ ആരാധനകളും പരലോക കാര്യങ്ങളും മാത്രമാണ് എന്ന സങ്കൽപ്പം ഇസ്‌ലാമിന് അന്യമാണ് നബി(സ്വ) പറയുന്നു.

عن عبدالله بن عمرو أَنَّ رَسُولَ اللَّهِ (ص) قال : إِنَّ لِرَبِّكَ عَلَيْكَ حَقًّا ، وَلِنَفْسِكَ عَلَيْكَ حَقًّا ، وَلِأَهْلِكَ عَلَيْكَ حَقًّا وَلِزورك عَلَيْكَ حَقًّا ، فَأَعْطِ كُلَّ ذِي حَقٍّ حَقَّهُ (بخاري) .

(=റബ്ബിനോട്/ശരീരത്തോട്/കുടുംബത്തോട്/സന്ദർശകരോട് കടമകളുണ്ട്. അവ എല്ലാം നീ പാലിക്കണം.) തന്റെ ഭർത്താവ് മുഴുസമയം ഇബാദത്തിലാണെന്നും തന്നിൽ താൽപര്യമില്ലെന്നും അബൂദർദാ അ(റ)നെക്കുറിച്ച് ഭാര്യ പരാതി പറഞ്ഞപ്പോൾ നബി(സ്വ) പറഞ്ഞതാണിത്. ചുരുക്കത്തിൽ സമൂഹത്തെ മാറ്റി നിർത്തി ദീൻ പൂർത്തിയാക്കാൻ ആവില്ല.

- സമൂഹത്തോടു നന്നായി പെരുമാറുന്നവർക്കേ റബ്ബിന്റെ സന്തോഷം ലഭിക്കൂ എന്നാണ് ഇസ്ലാം പഠിപ്പിക്കുന്നത്.

أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قال: الْخَلْقُ كُلُّهُمْ عِيَالُ اللَّهِ ، فَأَحَبُّ الْخَلْقِ إِلَى اللَّهِ مَنْ أَحْسَنَ إِلَى عِيَالِهِ "(طبراني)

(=പടപ്പുകൾ റബ്ബിന് വേണ്ടപ്പെട്ടവരാണ്. അവരോട് നന്നായി/ഗുണകരമായി പെരുമാറുന്നവരെയാണ് റബ്ബി നിഷ്ടം.) തന്മൂലം പൊതുജീവിതത്തിൽ സത്യസന്ധമായി ഇടപെടണം/പെരുമാറണം

- സമൂഹ ബാധ്യതയിൽ പ്രധാനമാണ് കരാർ പാലനം. ഇതിൽ മുസ്‌ലിം അമുസ്‌ലിം വ്യത്യാസമില്ല.

وَأَوْفُواْ بِالْعَهْدِ إِنَّ الْعَهْدَ كَانَ مَسْؤُولاً (الإسراء٣٤)

(നേർച്ച പൂർത്തിയാക്കലും കരാർ പാലനത്തിന്റെ ഭാഗമാണ്)

- ഇസ്‌ലാമിലെ പ്രധാനസംഭവമാണ് ഹുദൈബിയ്യാ സന്ധി

ഹി: 6ാം വർഷം ദുൽഖഅദയിലാണ് സംഭവം. ഉംറക്ക് വന്ന നബി(സ്വ) യെയും സ്വഹാബത്തിനെയും ഖുറൈശികൾ തടഞ്ഞു. ഹുദൈബിയ്യയിൽ വെച്ച് കരാർ ഉണ്ടാക്കി. അതിന്റെ ഭാഗമായിരുന്നു: ആരെങ്കിലും മക്കയിൽ നിന്ന് മുസ്ലീം പക്ഷത്തേക്ക് വന്നാൽ അവരെ മടക്കി അയക്കണം. മദീനയിൽ നിന്ന് ആരെങ്കിലും കുഫ്രീപക്ഷത്തേക്ക് വന്നാൽ മടക്കി അയക്കില്ല എന്നത്.

കരാർ കഴിഞ്ഞ ഉടനെ ചങ്ങലക്കിട്ടതിനാൽ കാലുകൾ വ്രണപ്പെട്ടവരായി മക്കയിൽ നിന്ന് രക്ഷപെട്ട് അബൂജന്ദൽ (റ) എത്തി. തന്നെ രക്ഷിക്കണമെന്ന് അപേക്ഷിച്ചു. പക്ഷേ വാക്കിനും കരാറിനും നബി(സ്വ) മുൻതൂക്കം നൽകുകയാണ് ചെയ്തത്.

إنَّا قَدْ عَقَدْنَا بَيْنَنَا وَبَيْنَ الْقَوْمِ صُلْحًا ، وَأَعْطَيْنَاهُمْ عَلَى ذَلِكَ ، وَأَعْطَوْنَا عَهْدَ اللَّهِ ، وَإِنَّا لَا نَغْدِرُ بِهِمْ ؛ فَقَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : يَا أَبَا جَنْدَلٍ ؛ اصْبِرْ وَاحْتَسِبْ ، فَإِنَّ اللَّهَ جَاعِلٌ لَكَ وَلِمَنْ مَعَكَ مِنْ الْمُسْتَضْعَفِينَ فَرَجًا وَمَخْرَجًا (السيرة النبوية) .

ഏത് പ്രതിസന്ധിയിലലും നഷ്ടത്തിലും കരാറിന് പ്രാധാന്യം ഉണ്ടാകണമെന്നർത്ഥം.വിവാഹം/കച്ചവടം/പാട്ടം/വാടക/ വ്യവസ്ഥകൾ/വ്യവഹാരം എല്ലാത്തിലും നാം കരാർ പാലിക്കുന്നവരാകണം.

➢ സാമൂഹ്യ ബാധ്യതയുടെ ഭാഗമാണ്, ഏറ്റെടുക്കുന്ന സ്ഥാനങ്ങൾ/ഉത്തരവാദിത്വങ്ങൾ സത്യസന്ധമായി നിർവ്വഹിക്കൽ. (കുടുംബത്തിൽ/സംഘടനയിൽ/പള്ളിയിൽ/രാഷ്ട്രീയത്തിൽ/ഉദ്യോഗത്തിൽ....) അത് പരലോകത്ത് ചോദ്യം ചെയ്യപ്പെടുന്നതാണ്.

عَنْ عَبْدِ اللَّهِ بْنِ عُمَرَ يَقُولُ: سَمِعْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ: كُلُّكُمْ رَاعٍ وَكُلُّكُمْ مَسْؤُول عَنْ رَعِيَّتِهِ، الإِمَامُ رَاعٍ وَمَسْؤُولٌ عَنْ رَعِيَّتِهِ، وَالرَّجُلُ رَاعٍ فِي أَهْلِهِ وَهُوَ مَسْؤُولٌ عَنْ رَعِيَّتِهِ، وَالْمَرْأَةُ رَاعِيَةٌ فِي بَيْتِ زَوْجِهَا وَمَسْؤُولَةٌ عَنْ رَعِيَّتِهَا، وَالْخَادِمُ رَاعٍ فِي مَالِ سَيِّدِهِ وَمَسْؤُولٌ عَنْ رَعِيَّتِهِ (متفق عليه)

എന്നെ ചുമതലകൾ ഏൽപ്പിക്കാത്തത് എന്താണ്? അബൂദർറ്(റ) ചോദിച്ചു. മറുപടി: അത് അമാനത്താണ്. താങ്കളെപോലെയുള്ള ലോലഹൃദയർക്കത് പറ്റില്ല. അത് പരലോകത്ത് പരാജയത്തിനും ദുഖത്തിനും ഇടവരുത്തും.

عَنْ أَبِي ذَرٍّ قَالَ قُلْتُ يَا رَسُولَ اللَّهِ أَلَا تَسْتَعْمِلُنِي قَالَ فَضَرَبَ بِيَدِهِ عَلَى مَنْكِبِي ثُمَّ قَالَ يَا أَبَا ذَرٍّ إِنَّكَ ضَعِيفٌ وَإِنَّهَا أَمَانَةٌ وَإِنَّهَا يَوْمَ الْقِيَامَةِ خِزْيٌ وَنَدَامَةٌ إِلَّا مَنْ أَخَذَهَا بِحَقِّهَا وَأَدَّى الَّذِي عَلَيْهِ فِيهَا (مسلم)

ചരിത്രം: സ്വകാര്യസംഭാഷണത്തിന് ഒരാൾ വന്നപ്പോൾ ഖജനാവിന്റെ എണ്ണയൊഴിച്ച് കത്തിച്ച വിളക്ക് ഉമർ(റ) അണച്ചു കളഞ്ഞു. കാരണം അത് പൊതുമുതലാണ്. വ്യക്തിപരമായ ആവശ്യത്തിന് അത് ഉപയോഗിച്ചുകൂടാ.

➢ ഇന്ന് അഴിമതി, സ്വജനപക്ഷപാതം ദുർചെലവുകൾ വർദ്ധിക്കുകയാണ്. ഇത് ദുൻയാവിൽ നാശവും പരലോകത്ത് നഷ്ടവുമാണ്.

فَإِنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ، قَالَ : " مَنْ وَلِيَ مِنْ أَمْرِ الْمُسْلِمِينَ شَيْئًا فَأَمَّرَ عَلَيْهِمْ أَحَدًا مُحَابَاةً لَهُ لا يَقْبَلُ اللَّهُ مِنْهُ صَرْفًا وَلا عَدْلا ، وَمَنْ أَعْطَى أَحَدًا مِنْ مَالِ اللَّهِ شَيْئًا فَحَابَاهُ ؛ فَعَلَيْهِ لَعْنَةُ اللَّهِ " أَوْ قَالَ : " بَرَأَتْ مِنْهُ ذِمَّةُ اللَّهِ .(حاكم)

(=ഒരാൾക്ക് അധികാരം കിട്ടിയപ്പോൾ തന്റെ വേണ്ടപ്പെട്ടവരെ നിയമിച്ചാൽ (സ്വജനപക്ഷപാതം) അവന്റെ മേൽ ശാപം ചെറുതും വലുതുമായ ഒരു അമലും അവനിൽ നിന്ന് സ്വീകരിക്കില്ല. അവന് നരകമാണ്.)

➢ പൊതുസമൂഹത്തിന് ശല്യവും പ്രയാസവും ഉണ്ടാക്കുന്ന എല്ലാത്തരം പ്രവർത്തനങ്ങളിൽ നിന്ന് വിട്ടുനിൽക്കുകയും വേണം. പൊതു സ്ഥലങ്ങളിൽ മൂത്രമൊഴിക്കൽ/തുപ്പൽ/മറ്റുളവർക്ക് ശല്യമാകും വിധം പുകവലിക്കൽ/മൂക്ക് ചീറ്റൽ തുടങ്ങി മനഷ്യർക്ക് ശല്യമാകുന്നതെല്ലാം ഒഴിവാക്കണം.

عَنْ أَبِي هُرَيْرَةَ ، أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ، قَالَ : " اتَّقُوا اللاعِنَيْنِ " قَالُوا : وَمَا اللاعِنَانِ يَا رَسُولَ اللَّهِ ؟ قَالَ : الَّذِي يَتَخَلَّى فِي طَرِيقِ الْمُسْلِمِينَ وَفِي ظِلِّهِمْ "(بيهقي)

(= വഴിയിലും വിശ്രമ സ്ഥലങ്ങളിലും മലമൂത്ര വിസർജനം നടത്തൽ ശാപത്തിന് കാരണമാകും, അത് സൂക്ഷിക്കണം)

➢ ഇന്ന് ന്യൂ ഇയർ പോലുള്ള ആഘോഷങ്ങൾ പൊടിപൊടിക്കുന്നു. നാം വിട്ടുനിൽക്കണം.

1. അതിന്റെ മറവിൽ സദാചാര വിരുദ്ധ പ്രവർത്തനങ്ങൾ നടക്കുന്നു.

2.സമൂഹത്തിനും ജങ്ങൾക്കും ശല്യമാകുന്നു. ഇത്തരം തിന്മകളിൽ നിന്ന് ഒഴിവായി മാതൃകാ മുസ്ലിംകളായി ജീവിക്കുക. ഇതു കൂടി ശ്രദ്ധിക്കുമ്പോഴാണ് നാം നല്ല മുസ്ലിംകളാവുന്നത്